**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3887** **21.10.2016 ൽ മറുപടിയ്ക്ക്**

**"കാസർഗോഡ് ജില്ലയിൽ വിഷലിപ്തമായ പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും വില്പന"**

| ചോദ്യം<br>ശ്രീ. എം.രാജഗോപാലൻ | ഉത്തരം<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലേക്ക് കർണ്ണാടകത്തിൽ നിന്നും മറ്റും വ്യാപകമായി കൊണ്ടുവരുന്ന വിഷലിപ്തമായ പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും വില്പന തടയാനും ഇവ പരിശോധിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) അയൽ സംസ്ഥാനങ്ങളിൽ കീടനാശിനി പ്രയോഗം പരമാവധി ഒഴിവാക്കുന്നതിലേക്കായി തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലെ കർഷകർക്ക് പ്രാദേശിക ഭാഷയിൽ ക്ലാസ്സുകൾ നൽകുന്നതുൾപ്പെടെ കർഷകർക്കിടയിൽ ബോധവത്കരണ പരിപാടികൾ നടത്തുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ നിന്നും പഴം പച്ചക്കറി സാമ്പിളുകൾ കോഴിക്കോട് റീജിയണൽ ലാബിലേയ്ക്കും പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലാബിലേയ്ക്കും പരിശോധനയ്ക്കായി നൽകി വരുന്നുണ്ട്. നിരോധിച്ച കീടനാശിനികളുടെ പ്രദർശനം, വിൽപ്പന, ഉപയോഗം എന്നിവ തടയുന്നതിന് നടപടികൾ എടുത്തു വരുന്നു. നിയന്ത്രിത കീടനാശിനികളുടെ ഉപയോഗം അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.<br>കീടനാശിനി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് മാധ്യമങ്ങൾ മുഖേന കർഷകരെ ബോധവൽക്കരിക്കുകയും നല്ല കൃഷി മുറകൾ പ്രചരിപ്പിക്കുകയും സംസ്ഥാനതല കാമ്പെയിനുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>വിജിലൻസ് കമ്മിറ്റികൾ, വിജിലൻസ് സ്ക്വാഡ് എന്നിവ മുഖേന ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കീടനാശിനിയുടെ വരവ് നിയന്ത്രിക്കുന്നുണ്ട്. മായം ചേർത്ത പഴം പച്ചക്കറി എന്നിവയുടെ വിപണനം തടയുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇവ പരിശോധിച്ച് തിരിച്ചയയ്ക്കാനും നിരോധിക്കാനും നടപടികളുണ്ടാകുമോ? | (ബി) പരിശോധന നടത്തിയതിൽ അനുവദനീയ പരിധിക്കു മുകളിൽ വിഷാംശം കലർന്ന പഴം -പച്ചക്കറികൾ കണ്ടെത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**